DESPATCHED
26/05/2020

24. 2. 20.

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 1231(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.7530/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ബിജു ഏബ്രഹാം,
കോങ്കലിൽ വീട്,
ആയിരനെല്ലൂർ പി.ഒ.,
ഇടമൺ (വഴി), പുനലൂർ,
കൊല്ലം. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (ഭരണ വിഭാഗം),
ജില്ലാ പോലീസ് ഓഫീസ്, കൊല്ലം റൂറൽ.
2. അപ്പീൽ അധികാരി &
ജില്ലാ പോലീസ് മേധാവി,
കൊല്ലം റൂറൽ. } എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 26.3.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 2.5.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 27.4.2015 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 25.5.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 7.5.2015 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 8.5.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15.2.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 24.2.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 24.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ബിജു ഏബ്രഹാം, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയില്ലെന്നും ഇക്കാര്യത്തിൽ

അപ്പീൽ അപേക്ഷ സമർപ്പിച്ചെങ്കിലും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. എരൂർ പോലീസ് സ്റ്റേഷൻ ക്രൈം 8/2015-ാം നമ്പർ കേസിൽ പൂജപ്പുര സെൻട്രൽ ജയിലിൽ റിമാന്റിൽ കഴിഞ്ഞു വരവേ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകിയിരുന്നു എന്നും മേൽപ്പടി പരാതിയിന്മേൽ റിപ്പോർട്ട് നൽകുന്നതിന് കൊല്ലം റൂറൽ എസ്.പി.ക്ക് അയച്ചു നൽകിയ ഫയൽ നമ്പർ നൽകണമെന്നും

ii. മേൽപ്പടി കേസിലെ പ്രതിയായ ഹർജിക്കാരനിൽ നിന്നും 25.3.2015 തീയതി ടിയാനെ അറിയിച്ചതനുസരിച്ച് ടിയാനിൽ നിന്നും 9400702627 എന്ന മൊബൈൽ നമ്പറിലുള്ള പോലീസ് ഉദ്യോഗസ്ഥൻ രേഖാമൂലം സ്വീകരിച്ച ടിയാന്റെ മൊഴിയുടെ പകർപ്പ് നൽകണമെന്നും

iii. മേൽപ്പടി കേസിലെ വാദി ഷൈജു ജോണിൽ നിന്നും മേൽപ്പടി പോലീസ് ഉദ്യോഗസ്ഥൻ 25.3.2015 ൽ സ്വീകരിച്ച മൊഴിയുടെ പകർപ്പ് നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, 254/PTN/2015/QR പ്രകാരമാണ് ഹർജിക്കാരൻ കൊടുത്ത പരാതി HRMP No.833/15/KLM തീയതി 16.3.2015 ആയി എതിർകക്ഷി ഓഫീസിൽ സ്വീകരിച്ചത് എന്നും മേൽപ്പടി പരാതിയിൽ അന്വേഷണം അവസാനിച്ചിട്ടില്ലാത്തതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മൊഴി പകർപ്പുകൾ നൽകാൻ നിർവ്വാഹമില്ല എന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട മൊഴി പകർപ്പുകൾ ഒന്നാം എതിർകക്ഷി നൽകിയില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അന്വേഷണം പൂർത്തിയാക്കാത്തതിനാൽ നൽകാൻ സാധിക്കുകയില്ല എന്നാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം ടിയാന്റെ അപേക്ഷയിലെ 2, 3 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട രേഖകൾ നൽകിയിരുന്നില്ല എന്നതാണെന്നു കാണുന്നു. മേൽപ്പടി ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, എരൂർ പോലീസ് സ്റ്റേഷൻ ക്രൈം 8/2015-ാം നമ്പർ കേസിന്റെ പ്രതിയായ ഹർജിക്കാരന്റെയും മേൽപ്പടി

കേസിലെ വാദിയായ ഷൈജു ജോണിന്റെയും മൊഴികൾ ഹർജിക്കാരൻ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നൽകിയ പരാതിയുമായി ബന്ധപ്പെട്ട് രേഖപ്പെടുത്തിയതു പ്രകാരം നൽകണമെന്നാണ്. മേൽപ്പടി പരാതിയിന്മേലുള്ള അന്വേഷണം പൂർത്തിയാകാത്തതിനാലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് നൽകാതിരുന്നത് എന്നാണ് എതിർകക്ഷികൾ ഹർജിക്കാരനെ അറിയിച്ചത്. ആയത് വിവരാവകാശ നിയമ പ്രകാരം പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. ഹർജിക്കാരന്റെ മൊഴി രേഖപ്പെടുത്തിയതിന്റെ പകർപ്പ് ടിയാന് ലഭിക്കുവാനുള്ള അർഹത സ്വാഭാവികമായി തന്നെ ടിയാനുണ്ടായിരുന്നു എന്നു കാണുന്നു. ആയത് ടിയാന് നൽകിയിട്ടില്ലെന്നു കാണുന്നതിനാൽ മേൽപ്പടി മൊഴിയുടെ പകർപ്പ് ഹർജിക്കാരന് ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം സൗജന്യമായി അയച്ചു നൽകണമെന്ന് കമ്മീഷൻ ഉത്തരവാകുന്നു. എന്നാൽ ഷൈജു ജോണിന്റെ മൊഴി അയച്ചു കൊടുക്കാതിരുന്നത് ബന്ധപ്പെട്ട അന്വേഷണം പൂർത്തീകരിക്കാത്തതിനാലായിരുന്നു എന്നു കാണുന്നു. ആയത് വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കാവുന്നതാണ്.

4. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 24-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk